പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3544 | 24/06/2013-ൽ മറുപടിക്ക്

**അച്ചൻകോവിലിൽ മലമ്പണ്ടാര കോളനിയിലെ വീട് നിർമ്മാണം**

ചോദ്യം | മറുപടി

ശ്രീ.കെ.രാജു : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിൽ കിഴക്കൻ വനമേഖലയായ അച്ചൻ കോവിൽ മലമ്പണ്ടാര കോളനിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2005,2008 വർഷങ്ങളിൽ 31 വീടുകൾക്ക് തുക അനുവദി ച്ചെങ്കിലും ആവശ്യത്തിന് തുക വകയിരുത്താത്തത് കാരണം പണി പൂർത്തിയാക്കാത്തത് സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിലും പരിഗണനയിലുമുണ്ടോ; | (എ) | കൊല്ലം ജില്ലയിൽ അച്ചൻകോവിൽ മലപ്പണ്ടാര കോളനിയിൽ 'ഇന്ദിര ആവാസ് യോജന' പദ്ധതിയിൽപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വീടുകൾ അനുവദിച്ച് നൽകിയത്. ആവശ്യമായ തുക വകയിരുത്താത്തതു കാരണം പണി പൂർത്തിയാക്കുവാൻ കഴിഞ്ഞില്ലെന്നുള്ള പരാതികളൊന്നും പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭിച്ചിരുന്നില്ല. |
| (ബി) | ഇല്ലെങ്കിൽ, കൂടുതൽ പണം അനുവദിക്കുവാനും പുതിയ പദ്ധതിയിൽ പ്രസ്തുത വീടുകളെ ഉൾപ്പെടുത്തുവാനും പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ